# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1084** **06.02.2020 ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിലെ ടെൻഡർ നടപടികൾ

**ചോദ്യം**
**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

പൊതുമരാമത്ത് വകുപ്പിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച പല പ്രവൃത്തികളും നാളുകളായിട്ടും പണി ആരംഭിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പണി ആരംഭിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ് എന്നിവയുടെ യൂട്ടിലിറ്റികൾ, മരങ്ങൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലെ തടസ്സങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത് മാറ്റുന്നതിനുള്ള കാലതാമസം അനുസരിച്ച് പ്രവൃത്തികൾ തുടങ്ങുവാൻ സാധിക്കാതെ വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളിൽ client department - ന്റെ തടസ്സരഹിത സ്ഥലം ലഭ്യമാകാത്തതുമൂലമോ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ട സാഹചര്യത്തിലോ വൃക്ഷങ്ങൾ മുറിച്ചുമാറ്റാൻ വനം വകുപ്പിന്റെ അനുമതി കിട്ടാത്ത സാഹചര്യത്തിലോ ആണ് പ്രവൃത്തികൾ ആരംഭിക്കുവാൻ താമസം നേരിടുന്നത്. ഇത്തരം പണികൾ ആരംഭിക്കുന്നതിന് നിരന്തരം ഡിപ്പാർട്ട്മെന്റ് തലവന്മാർക്ക് കത്തുകൾ നൽകുകയും ഭൂമി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ CRF പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി - പുല്ലാട് സെക്ടർ

പുനരുദ്ധാരണ പ്രവൃത്തി വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ നീണ്ടു പോയതിനാൽ ടെണ്ടർ നടപടി പൂർത്തിയായിട്ടും പണി ആരംഭിക്കാൻ സാധിച്ചില്ല. ഈ പ്രവൃത്തി പിന്നീട് റീടെണ്ടർ ചെയ്ത് ആരംഭിച്ചിട്ടുണ്ട്.

പ്രവൃത്തിയുമായി ബന്ധപ്പെട്ട കാരണങ്ങൾ ഇല്ലാതെ പ്രവൃത്തി വൈകിപ്പിക്കുന്ന കോൺട്രാക്ടർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**